പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3849 — 24.06.2014 ലെ മറുപടിയ്ക്ക്

## ജനങ്ങൾ കൊള്ളപ്പലിശക്കാരിൽനിന്നും പണം കടം വാങ്ങുന്ന രീതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : | | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | പെൺമക്കളുടെ വിവാഹാവശ്യങ്ങൾക്കും അടിയന്തിര ആശുപത്രിച്ചെലവുകൾക്കും വേണ്ടി പലിശ നോക്കാതെ ജനങ്ങൾ കൊള്ളപ്പലിശക്കാരിൽ നിന്നും പണം കടം വാങ്ങുന്ന രീതി വർദ്ധിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അടിയന്തിര ആവശ്യങ്ങൾക്കുവേണ്ടി ജനങ്ങൾ കൊള്ളപ്പലിശക്കാരിൽനിന്നും പണം കടം വാങ്ങുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) | ദേശസാൽകൃത ബാങ്കുകളും മറ്റ് സർക്കാർ നിയന്ത്രിത ധനകാര്യ സ്ഥാപനങ്ങളും ആവശ്യക്കാരന് യഥാസമയം വായ്പ അനുവദിക്കാത്ത സാഹചര്യങ്ങളിലാണ് സാധാരണക്കാരൻ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ ചതിക്കുഴിയിൽ വീഴുന്നതെന്ന യാഥാർത്ഥ്യം മനസ്സിലാക്കിയിട്ടുണ്ടോ; | (ബി) | സർക്കാർ നിയന്ത്രിത ധനകാര്യ സ്ഥാപനങ്ങൾക്ക് വായ്പ അനുവദിക്കുന്നതിന് നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. ആയതിനാലാണ് വായ്പ അനുവദിക്കുന്നതിന് ചിലപ്പോൾ കാലതാമസം ഉണ്ടാകുന്നത്. |
| (സി) | ജനങ്ങളുടെ അപ്രതീക്ഷിതമായ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | (സി) | ജനങ്ങളുടെ അപ്രതീക്ഷിതമായ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി പ്രത്യേക പദ്ധതികളൊന്നും ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ സാധാരണക്കാർക്ക് മിതമായ പലിശയ്ക്ക് വായ്പ ലഭ്യമാക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിനായി 22-05-2014-ൽ പ്രത്യേക സ്റ്റേറ്റ് ലവൽ ബാങ്കേഴ്സ് കമ്മിറ്റി മീറ്റിംഗ് കൂടുകയും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ബാങ്കുകളോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.